"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കോൽപ്പാടം മനിക്കശ്ശേരി നാരായണ ലക്ഷ്മി വിലാസം എയ്ഡഡ് ജൂനിയർ ബേസിക്ക് സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിമി ഫ്രാൻസിസ് കെ. ഫയൽ ചെയ്ത ഡബ്ല്യൂ. പി(സി) നം.6156/2022-ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 23.02.2022-ലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.7637/2022/GEDN തീയതി,തിരുവനന്തപുരം, 04-12-2022

---

പരാമർശം:-

1. പാലക്കാട് കോൽപ്പാടം മനിക്കശ്ശേരി നാരായണ ലക്ഷ്മി വിലാസം എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിമി ഫ്രാൻസിസ് കെ.യുടെ 20/08/2020- ലെ പുന:പരിശോധനാ ഹർജി(Ext. P5).
2. ബഹു. കേരള ഹൈക്കോടതിയുടെ 23.02.2022-ലെ ഡബ്ല്യൂ . പി (സി) നം.6156/2022- ന്മേലുള്ള വിധിന്യായം.
3. പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/04/2022-ലെ ബി/795/2022 നമ്പർ കത്ത്.
4. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/05/2022-ലെ ബി4/1904/2022നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 20/05/2022 തീയതിയിലെ DDEPKD/1317/2022-B3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് കോൽപ്പാടം മനിക്കശ്ശേരി നാരായണ ലക്ഷ്മി വിലാസം എയ്ഡഡ് ജൂനിയർ ബേസിക്ക് സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിമി ഫ്രാൻസിസ് കെ. ഫയൽ

ചെയ്ത ഡബ്ല്യൂ.പി(സി) നം. 6156/2022-ന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച Ext. P5 പുന: ഹർജി(പരാമർശം 1) ഹർജിക്കാരിയെ കേട്ട് തീർപ്പാക്കണമെന്ന് 1 -ാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 08/07/2022-ന് ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ കേട്ടു.

ശ്രീമതി.സിമിഫ്രാൻസിസ്.കെ., പാലക്കാട് വിദ്യാഭ്യാസ ജില്ലയിലെ പാലക്കാട് ഉപജില്ലയിലെ AJBS, VN പുരം സ്കൂളിൽ 16.06.2004-ന് LPSA ആയി ജോലിയിൽ പ്രവേശിക്കുകയും ഡിവിഷൻ കുറവ് കാരണം ഒരു വർഷത്തിന് ശേഷം 15.07.2005 ന് thrown out ആവുകയും ചെയ്തു. അധ്യാപകരെ പുനർവിന്യസിക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ തുടർന്ന്, 22.06.2012-ന് പറളിയിലെ ബ്ലോക്ക് റിസോഴ്സ് സെന്ററിൽ ക്ലസ്റ്റർ റിസോഴ്സ് കോ-ഓർഡിനേറ്ററായി പുനർ നിയമനം ലഭിക്കുകയും എന്നാൽ 22.06.2012 മുതൽ 28.01.2016 വരെയുള്ള ഏകദേശം നാല് വർഷത്തെ സർവ്വീസ് നോൺ ഡ്യൂട്ടി ആയി പരിഗണിക്കപ്പെട്ട് പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ല.

ജോലിയിൽ നിന്നും thrown out ആയ തീയതിക്കും (15/07/2005) ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോയിൻ ചെയ്ത തീയതിക്കും (22.06.2012) ഇടയിലുള്ള കാലയളവ് അലവൻസില്ലാത്ത അവധിയായി കണക്കാക്കുമെന്ന് 23.08.2018 ന് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും കൂടാതെ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ചുമതലയേറ്റ തീയതി (22.06.2012) മുതൽ 28.01.2016 വരെയുള്ള സേവനം നോൺ ഡ്യൂട്ടിയായി കണക്കാക്കുമെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. 15.07.2005 മുതൽ 21.06.2012 വരെയുള്ള കാലയളവ് ലീവ് വിത്തൗട്ട് അലവൻസായും 22.06.2012 മുതൽ 28.01.2016 വരെയുള്ള കാലഘട്ടം നോൺ ഡ്യൂട്ടിയായും ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.

22.06.2012 മുതൽ 28.01.2016 വരെയുള്ള സേവനം നോൺ ഡ്യൂട്ടിയായി കണക്കാക്കുകയും ഏതെങ്കിലും സേവന ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ ശമ്പള പരിഷ്കരണം, ഇൻക്രിമെന്റ് തുടങ്ങിയ നിരവധി സേവന ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. 08.09.2021-ന് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ B.R.C പറളിയിൽ നിന്ന് A.J.B School ശേഖരിപുരം, പാലക്കാട് സ്കൂളിലേക്ക് LPST ആയി സ്ഥലം മാറ്റുകയും തുടർന്ന് 23.10.2021-ന് പറളി വിദ്യാഭ്യാസ ഉപ ജില്ലയിലുള്ള കോൽപ്പാടം

N.L.V.A.J.B.S എന്ന അൺ ഇക്കണോമിക്ക് സ്കൂളിലേക്ക് LPSA ആയി സ്ഥലം മാറ്റി.

കേരള എജ്യുക്കേഷൻ റൂൾസിന്റെ (കെഇആർ-Chapter XIV-A) റൂൾ 6 (എ)അനുസരിച്ച് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഡ്യൂട്ടിയിൽ ആകെ ഒരു വർഷമാണ് എയ്ഡഡ് അദ്ധ്യാപകരുടെ പ്രൊബേഷൻ കാലയളവ്. പ്രോബേഷൻ കാലയളവ് അവസാനിക്കുമ്പോൾ അധ്യാപകൻ പ്രൊബേഷൻ പൂർത്തിയാക്കിയതായി മാനേജർക്ക് പ്രഖ്യാപിക്കാമെന്നും 16.06.04 ന് സർവ്വീസിൽ പ്രവേശിച്ചെങ്കിലും 15.07.05 ന് thrown out ആകുകയും ചെയ്തു.

22.06.2012 ന് വീണ്ടും സർവീസിൽ പ്രവേശിച്ചെങ്കിലും 28.01.2016 വരെയുള്ള സേവനം സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാൽ പ്രത്യേകം കേസ് (WP(C) 13624 of 2020) നൽകിയിട്ടുള്ളതുമാണ്. 22.06.2012 മുതൽ 22.01.2016 വരെയുള്ള സേവനം സർക്കാർ റഗുലർ സർവീസായി പരിഗണിച്ചാൽ 22.06.2013 ന് പ്രബോഷൻ പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ 29.01.2016 ന് ശേഷമുള്ള സേവനം സർക്കാർ അംഗീകരിക്കുകയും പുനർവിന്യസിക്കപ്പെട്ട അധ്യാപകർക്ക് ശമ്പളം നൽകാൻ എസ്എസ്എ യോട് നിർദ്ദേശിക്കുകയും ചെയ്തു. 29.01.2016 ന് ശേഷം 5വർഷവും ഒമ്പത് മാസവും ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചതിനാൽ പ്രൊബേഷൻ 29.01.2017 മുതൽ പ്രാബല്യത്തിലെങ്കിലും സർക്കാർ പ്രഖ്യാപിക്കണമെന്നും 17-10-2021 മുതൽ LPST ആയി ജോലി ചെയ്യുന്നുവെന്നും 81/2 മാസത്തെ ശമ്പളം നൽകിയിട്ടില്ലെന്നും, നൽകാത്തതിനുള്ള കാരണം വ്യക്തമല്ല.

ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതും നിയന്ത്രിക്കുന്നതും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷനാണെന്നും അതിനാൽ (കെ.ഇ.ആർ -Chapter XIV-A) റൂൾ 6 എ) പ്രകാരമുള്ള 'മാനേജർ'ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷനാണ്.പ്രൊബോഷൻ ജോലി തൃപ്തികരമല്ലെങ്കിൽ വിദ്യാഭ്യാസ ഓഫീസറുടെ മുൻകൂർ അനുമതിയോടെ പ്രൊബേഷൻ കാലയളവ് ഒരു വർഷത്തേക്ക് കൂടി നീട്ടാൻ (കെ.ഇ.ആർ Chapter XIV-A) റൂൾ 6 (ബി) മാനേജരെ അനുവദിക്കുന്നു.പ്രവർത്തനവും പെരുമാറ്റവും തൃപ്തികരമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാൽ കുറഞ്ഞത് 29.01.2017 മുതലെങ്കിലും പ്രൊബേഷൻ പ്രഖ്യാപിക്കാൻ അർഹതയുണ്ട് .

15.07.2005 മുതൽ 21.06.2012 വരെയുള്ള കാലയളവ് LWA ആയി കണക്കാക്കിയതിനാലും 22.06.212 മുതൽ 28.01.2016 വരെയുള്ള സേവനം നോൺ ഡ്യൂട്ടിയായി കണക്കാക്കിയതിനാൽ നിലവിൽ 22.06.2013 തീയതിയിൽ പ്രൊബേഷൻ പ്രഖ്യാപിക്കുവാൻ സാധിക്കാത്തതിനാലും പ്രസ്തുത കാലയളവ് ഏതെങ്കിലും സേവന ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന്

പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രൊബേഷൻ 29.01.2017 തീയതി മുതൽ പ്രബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കണമെന്നും അതുവഴി ലഭിക്കാനുള്ള ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും ഇൻക്രിമെന്റുകളും നൽകുന്നതിനും LPSTആയി നിയമനം ലഭിച്ച 17.10.2021 മുതലുള്ള ശമ്പളവും നൽകണമെന്നുള്ളതാണ് വാദം.

പാലക്കാട് വി.എൻ.പുരം എ.ജെ.ബി.എസ് ൽ 16/06/2004 മുതൽ എൽ.പി.എസ്.ടി ആയി ശ്രീമതി.കെ.സിമി ഫ്രാൻസിസിനെ ബന്ധപ്പെട്ട മാനേജർ നിയമിക്കുകയും പ്രസ്തുത നിയമനത്തിന് നിയമനാംഗീകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ 2005-2006 അധ്യയന വർഷത്തിൽ മതിയായ കുട്ടികളുടെ അഭാവംമൂലം ഡിവിഷൻ നഷ്ടപ്പെടുകയും ശ്രീമതി.കെ.സിമി ഫ്രാൻസിസ് സർവ്വീസിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്തു. ടിയാരി സർവീസിലുള്ള കാലയളവിൽ 07/06/2005 മുതൽ 30/06/2005 വരെ 24 ദിവസം ശൂന്യവേതനാവധിയും 01/07/2005 മുതൽ 12/07/2005 വരെ 12 ദിവസം അർദ്ധവേതനാവധിയും എടുത്തിരുന്നു.സർവീസിലുണ്ടായിരുന്ന മൊത്തം കാലയളവ് ഒരു വർഷത്തിൽ കുറവായതിനാൽ ടിയാരിയുടെ പരിവീക്ഷ പൂർത്തികരിച്ചിരുന്നില്ല.

പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീമതി.കെ.സിമി ഫ്രാൻസിസ് പറളി ബി.ആർ.സിയിൽ ക്ലസ്റ്റർ കോർഡിനേറ്റായി നിയമിക്കപ്പെടുകയും 22/06/2012 — ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

23/08/2018-ലെ 119/2018 പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് നിർദ്ദേശ പ്രകാരം ശ്രീമതി.കെ.സിമി ഫ്രാൻസിസിന്റെ 15/07/2005 മുതൽ 21/06/2012 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായും 22/06/2012 മുതൽ 25/01/2016 വരെയുള്ള കാലയളവ് നോൺ ഡ്യൂട്ടിയായും കണക്കാക്കി ക്രമീകരിച്ചുകൊണ്ട് 29/01/2019-ന് പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ പരിവീക്ഷ പൂർത്തീകരണത്തിനാവശ്യമായി സമർപ്പിച്ച ശ്രീമതി.കെ.സിമി ഫ്രാൻസിസിന്റെ അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു.ശ്രീമതി.കെ.സിമി ഫ്രാൻസിസ് നിലവിൽ പറളി ഉപജില്ലയുടെ അധികാര പരിധിയിൽ വരുന്ന കോൽപ്പാടം നാരായണ ലക്ഷ്മി വിലാസം എ.ജെ.ബി.സ്കൂളിൽ പുനർവിന്യസിക്കപ്പെട്ട് ജോലി ചെയ്തു വരുന്നു.

23/8/2020 ലെ സർക്കാർ ഉത്തരവ് പ്രകാരം റിട്രഞ്ച്ഡ് ലിസ്റ്റിലുൾപ്പെ ട്ടവർക്ക് 29/1/2016 മുതൽ എല്ലാവിധ സംരക്ഷണത്തിനും അർഹതയുണ്ട്.അധ്യാപകരുടെ പ്രൊബേഷൻ ഡിക്ളയർ

ചെയ്യുന്നതിന് വിദ്യാഭ്യാസഓഫീസർമാർക്കും അധികാരമുണ്ടെന്ന് കെ.ഇ.ആർ Chapter XIV-A റൂൾ 6 (e) യിൽ പ്രതിപാദിച്ചിട്ടുണ്ട്.ആയതിനാൽ ഹർജിക്കാരി 29/1/2016 മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലി ചെയ്ത കാലയളവ് പരിശോധിച്ച് തുടർച്ചയായ രണ്ട് വർഷക്കാലയളവിനുള്ളിലെ ഒരുവർഷ സേവനകാലം എന്നാണെന്ന് നോക്കി പ്രൊബേഷൻ ഡിക്ളയർ ചെയ്ത നൽകാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കെ.ഇ.ആർ അദ്ധ്യായം XIVA ചട്ടം 3 ൽ യോഗ്യതയുള്ള അദ്ധ്യാപകരുടെ ആദ്യ നിയമനം പ്രൊബേഷനിലായിരിക്കുമെന്നും ചട്ടം 6(a) യുടെ explanation പ്രകാരം തുടർച്ചയായ രണ്ടുവർഷക്കാലയളവിനുള്ളിലെ ബ്രോക്കൺ സർവ്വീസ് ഉൾപ്പെടെ ഒരു വർഷസേവനകാലയളവ് പ്രൊബേഷന് പരിഗണിക്കാമെന്നും പറയുന്നു. തുടർച്ചയായ സർവ്വീസ് എന്ന് ഉദ്ദേശിക്കുന്നത് അദ്ധ്യാപക തസ്തികയിലുള്ള തുടർച്ചയായ സർവ്വീസ് എന്നതാണ്. ആയതിനാൽ തന്നെ അദ്ധ്യാപികയായി ജോലിനോക്കിയ കാലയളവും ക്ലസ്റ്റർ കോഓർഡിനേറ്ററായി ജോലിനോക്കിയ കാലയളവും കൂടി ചേർത്ത് പ്രോബേഷൻ പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയില്ല. ശ്രീമതി.സിമി ഫ്രാൻസിസ് 16/06/2004-ൽ ജോലിയിൽ പ്രവേശിക്കുകയും ഡിവിഷൻ നഷ്ടപ്പെട്ട് 15/07/2005-ന് ജോലിയിൽ നിന്ന് പുറത്താവുകയും ചെയ്തു. തുടർച്ചയായ 2 വർഷത്തെ കാലയളവ് ടിയാൾക്ക് ലഭിച്ചിട്ടില്ല എന്നു മാത്രമല്ല 15/06/2005 ന് ഒരു വർഷം പൂർത്തീകരിക്കുമെങ്കിലും 07/06/2005 മുതൽ 30/06/2005 വരെ 24 ദിവസം ശൂന്യവേതനാവധിയിലും 01/07/2005 മുതൽ 12/07/2005 വരെ 12 ദിവസം അർദ്ധവേതന അവധിയിലുമായിരുന്നതിനാൽ probation പൂർത്തിയാക്കിയിട്ടില്ല. 22.6.2012ൽ ക്ലസ്റ്റർ കോഓർഡിനേറ്ററായി പുനർ വിന്യസിച്ചു. ഇപ്രകാരം അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി പുനർവിന്യസിക്കപ്പെട്ടവർക്ക് സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരുന്നില്ല. അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി പുനർവിന്യസിക്കപ്പെട്ടവർക്ക് 29.1.2016 മുതൽ സ.ഉ(പി)നം.29/16/പൊ.വി.വ ഉത്തരവ് പ്രകാരം സംരക്ഷണം നൽകിയിട്ടുണ്ട്. തുടർന്ന് 23.8.2018 ലെ സ.ഉ(കൈ)119/2018/പൊവിവ പ്രകാരം 29.1.2016 മുതൽ ഇവരെ പുനർവിന്യസിക്കപ്പെട്ടതായി കണക്കാക്കുകയും അതേ ദിവസം അതായത് 29.1.2016 മുതൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലിയിൽ പുനപ്രവേശിച്ചതായി കണക്കാക്കി സേവന വേതന ആനുകൂല്യങ്ങൾ നൽകേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ശ്രീമതി.കെ.സിമി ഫ്രാൻസിസ് നിലവിൽ പറളി ഉപജില്ലയുടെ അധികാര പരിധിയിൽ വരുന്ന കോൽപ്പാടം നാരായണ ലക്ഷ്മി

വിലാസം എ.ജെ.ബി.സ്കൂളിൽ പുനർവിന്യസിക്കപ്പെട്ട് ജോലി ചെയ്തു വരുന്നു. ആയതിനാൽ തന്നെ ഹർജിക്കാരി പ്രൊട്ടക്ഷൻ നൽകിയതിനെ തുടർന്ന് ക്ലസ്റ്റർ കോഓർഡിനേറ്ററിൽ നിന്നും ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ പുനർ വിന്യസിക്കപ്പെട്ട തീയതി മുതൽ തുടർച്ചയായ രണ്ടുവർഷക്കാലയളവിനുള്ളിലെ ഒരു വർഷസേവനകാലയളവ് കണക്കാക്കി ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ പ്രോബേഷൻ പൂർത്തീകരിയ്ക്കുവാൻ പാലക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് കോൽപ്പാടം നാരായണ ലക്ഷ്മി വിലാസം എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിമി. ഫ്രാൻസിസ്.കെ സർക്കാരിൽ സമർപ്പിച്ച പരാമർശം 1( Ext.P5) പുന പരിശോധനാ ഹർജി തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 കോടതി വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.

ബ്ലോക്ക് പ്രൈജക്ട് കോ-ഓഡിനേറ്റർ, എസ്സ്. എസ്സ്.എ, ബ്ലോക്ക് റിസോർസ് സെന്റർ, പറളി,പാലക്കാട്.

മാനേജർ, നാരായണ ലക്ഷ്മി വിലാസം എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂൾ, കോൽപ്പാടം, മനിക്കശ്ശേരി, പാലക്കാട്.

ശ്രീമതി. സിമി ഫ്രാൻസിസ് കെ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ, നാരായണ ലക്ഷ്മി വിലാസം എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂൾ, കോൽപ്പാടം, മനിക്കശ്ശേരി, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 06-12-2022 15:23:55**
സെക്ഷൻ ഓഫീസർ